# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഫെബ്രുവരി 06 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## കൊറോണ: കുടുംബങ്ങളെ ഒറ്റപ്പെടുത്തരുതെന്ന സന്ദേശം നൽകുക-കളക്ടർ

കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ വിവിധ മതവിഭാഗത്തിൽപ്പെട്ട നേതാക്കളുടെ സംയുക്തയോഗം ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്നു. രോഗബാധയുടെ പശ്ചാത്തലത്തിൽ ആശുപത്രികളും വീടുകളിലും കഴിയുന്നവരുടെ കുടുംബങ്ങളെ ഒറ്റപ്പെടുത്തരുതെന്ന സന്ദേശം പൊതുസമൂഹത്തിന് നൽകണമെന്ന് ജില്ലാ കളക്ടർ എസ്. ഷാനവാസ് യോഗത്തിൽ അഭ്യർഥിച്ചു. ഹോം ക്വാറൈൻറനിൽ കഴിയുന്നവർ സ്വന്തം ആരോഗ്യ സുരക്ഷയ്ക്കായി അനുഷ്ഠിക്കുന്ന നിയന്ത്രണം സമൂഹത്തിന് കൂടി വേണ്ടിയുള്ള ത്യാഗമാണെന്നും അതിന് അവരോട് സർക്കാറിന് നന്ദിയുണ്ടെന്നും കളക്ടർ പറഞ്ഞു. കൊറോണ രോഗബാധയുടെ പശ്ചാത്തലത്തിൽ അനുവർത്തിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ആരാധനാലയങ്ങളിലെ പൊതുചടങ്ങുകളിൽ സന്ദേശം നൽകണമെന്ന് മതപുരോഹിതൻമാരോട് കളക്ടർ അഭ്യർഥിച്ചു. ആരാധനാലയങ്ങൾക്ക് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സന്ദേശം നൽകണം. വീടുകളിൽ കഴിയുന്നവരിൽ ആത്മീയ പിന്തുണ ആവശ്യമായവർക്ക് അത് നൽകണമെന്നും കളക്ടർ പറഞ്ഞു. വിവാഹ ചടങ്ങുകളും മറ്റ് പൊതുകൂട്ടായ്മകളും മാറ്റിവെക്കാൻ ആവശ്യപ്പെട്ടതിന് അനുകൂല പ്രതികരണമാണ് ലഭിച്ചത്. വീടുകളിൽ കഴിയുന്നവർക്ക് ഒരു ബുദ്ധിമുട്ടും ഇല്ലാതിരിക്കാൻ എല്ലാ ക്രമീകരണവും സർക്കാറിന്റെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ചെയ്തതായും കളക്ടർ അറിയിച്ചു.

ചൈനയിലെ വുഹാനിൽനിന്ന് വന്നവർ ആരോഗ്യവകുപ്പിനെ അറിയിച്ച് അവരും കുടുംബാംഗങ്ങളും വീടുകളിൽ ക്വാറൈൻറനിൽ കഴിയണമെന്നുമുള്ള സന്ദേശം നൽകണമെന്ന് ഡി.എം.ഒ (ആരോഗ്യം) ഡോ.കെ.ജെ. റീന അഭ്യർഥിച്ചു. വുഹാൻ ഒഴികെ ചൈനയിലെ മറ്റ് സ്ഥലങ്ങളിൽനിന്ന് വന്നവർ വീടുകളിൽ ക്വാറൈൻറനിൽ കഴിയണം. കൊറോണ ഒരു വൈറസ് രോഗമായതിനാൽ അത് ബാധിച്ചവർക്ക് ബാക്ടീരിയകൾ മൂലമുള്ള രോഗം എളുപ്പം പകരും. അതിനാൽ അവർ പൊതുസമൂഹത്തിൽ ഇടപഴകാതിരിക്കണം. കൊറോണ രോഗത്തിന്റെ മരണനിരക്ക് കേവലം രണ്ട് ശതമാനമാണ്. നിപ്പയുടേത് 90 ശതമാനമാണ്. പക്ഷേ, കൊറോണ വായുജന്യ രോഗമാണ്. രോഗബാധയുള്ളവരിൽനിന്നും തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും ചിതറി തെറിക്കുന്ന ഉമിനീർകണങ്ങൾ വഴിയോ സ്രവങ്ങൾ വഴിയോ രോഗം പകരാം. രോഗബാധിതരുമായോ പക്ഷിമൃഗാദികളുമായോ അടുത്ത സമ്പർക്കം പുലർത്തുന്നവർക്ക് രോഗം പിടിപെടാനുള്ള സാധ്യത ഏറെയാണെന്നും ഡി.എം.ഒ അറിയിച്ചു.

യോഗത്തിൽ ജില്ലാ കളക്ടർ എസ്. ഷാനവാസ് അധ്യക്ഷത വഹിച്ചു. ഡി.എം.ഒ (ആരോഗ്യം) ഡോ.കെ.ജെ. റീന, വെസ്റ്റ് ഫോർട്ട് ഇമാം എൻ.എം. സിദ്ദീഖ് ഫൈസി, എസ്.വൈ.എസ് സാന്ത്വനം സെക്രട്ടറി പി.എം.എസ് തങ്ങൾ, യോഗക്ഷേമസഭ ജില്ലാ സെക്രട്ടറി ടി.വി. വാസുദേവൻ, ചെട്ടിയങ്ങാടി ഇമാം പി.കെ. ഇബ്രാഹിം മൗലവി, എൻ.എസ്.എസ് തൃശൂർ താലൂക്ക് സെക്രട്ടറി

സി. സുരേന്ദ്രൻ, പാസ്റ്റർ കെ.വി. ഷാജു മണ്ണുത്തി, പാസ്റ്റർ ലോറൻസ് വർഗീസ് കോലഴി, യാക്കോബായ സിറിയൻ ചർച്ച് തൃശൂർ ഭദ്രാസനം സെക്രട്ടറി ഫാദർ ജെയ്സൺ കെ. ജോൺ, ഫാദർ ബേസിൽ ഏറാടിക്കുന്നുമ്മേൽ, തൃശൂർ അതിരൂപതയുടെ പ്രതിനിധി ഫാദർ നൈസൺ അലഞ്ഞത്താണത്ത്, ജോജു മഞ്ഞില, സാന്ത്വനം ജില്ലാ കോ ഓർഡിനേറ്റർ പി.കെ. ബഷീർ, സി.എസ്.ഐ കൊച്ചി രൂപതയുടെ പ്രതിനിധി റവ. ഷിജു ജോൺസൺ, റവ. ജോൺ ജോസഫ്, സേക്രട്ട് ഹാർട്ട് ലാറ്റിൻ ചർച്ച് പ്രതിനിധികളായ ഷാലി ജോസഫ്, ഓമന ഡികുഞ്ഞ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: കോറോണ വൈറസ് സ്ഥീരികരിച്ച സാഹചര്യത്തിൽ ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ ചേംബറിൽ സാമുദായിക നേതാക്കളുമായി നടത്തിയ യോഗം***

# കൊറോണ: കൗൺസലിംഗ് പരിശീലനം നൽകി

കൊറോണ സ്ഥിരീകരിച്ചതിനെ തുടർന്ന് ചൈനയിലെ രോഗബാധിത പ്രദേശങ്ങളിൽ നിന്നും മടങ്ങിയെത്തി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്ന വ്യക്തികൾക്കും കുടുംബാംഗങ്ങൾക്കും മാനസികവും സാമൂഹികവുമായ പിന്തുണ ഉറപ്പുവരുത്തുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസും ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റിയും ചേർന്ന് കൗൺസിലർമാർക്ക് പ്രത്യേക പരിശീലനം നൽകി. ആശുപത്രിയിലും വീടുകളിലുമായി നിരീക്ഷണത്തിലുള്ളവർ പല തരത്തിലുള്ള മാനസിക സമ്മർദ്ദത്തിന് വിധേയരാകുന്ന പശ്ചാത്തലത്തിൽ പരിശീലനം സിദ്ധിച്ച കൗൺസിലർമാരുടെ സേവനം ഉറപ്പു വരുത്തുകയാണ് ലക്ഷ്യം. സാമൂഹ്യമായ ഒറ്റപ്പെടൽ, രോഗബാധയെക്കുറിച്ചുള്ള ആശങ്ക, പഠനം, തൊഴിൽ തുടങ്ങിയ കാര്യങ്ങളിൽ തടസ്സം നേരിടൽ, നിരീക്ഷണത്തിലുള്ളവരുടെ പരിചരണം, ബന്ധുജനങ്ങളുടെയും അയൽവാസികളുടെയും ആശങ്ക തുടങ്ങി പല തരത്തിലുള്ള ആശങ്കൾക്ക് പരിഹാരവും പിന്തുണയും നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ സേവനം ലഭ്യ മാക്കുന്നത്. വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള കൗൺസിലർമാർ, തൃശൂർ സെന്റ് തോമസ് കോളേജിലെ സോഷ്യൽ വർക്ക് വിദ്യാർത്ഥികൾ, ദേശീയ ആരോഗ്യ ദൗത്യത്തിനു കീഴി ലുള്ള കൗൺസിലർമാർ തുടങ്ങിയവർക്കാണ് ജില്ലാ മെഡിക്കൽ ഓഫീസ് കോൺഫറൻസ് ഹാളിൽ പരിശീലനം നൽകിയത്. ജൂബിലി മെഡിക്കൽ കോളേജിലെ എമറിറ്റസ് പ്രൊഫ. ജയിംസ് സി ആന്റണി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. റീന കെ ജെ അദ്ധ്യക്ഷയായി. തൃശൂർ ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി പ്രസിഡണ്ട് ഡോ. രാജൻ വാര്യർ, ഡോ. സുമേഷ് കൃഷ്ണൻ, ഡോ. സ്മിത രാംദാസ്, ഡോ. സുബ്രഹ്മണ്യൻ, ഒക്യുപ്പേഷ ണൽ തെറാപ്പിസ്റ്റ് ജോസഫ് സണ്ണി തുടങ്ങിയവർ വിവിധ ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

***ഫോട്ടോ അടിക്കുറിപ്പ്:***

***1. കൊറോണയുമായി ബന്ധപ്പെട്ട് കൗൺസലിംഗ് പരിശീലനം ജൂബിലി മെഡിക്കൽ കോളേ ജിലെ എമറിറ്റസ് പ്രൊഫ. ജയിംസ് സി ആന്റണി ഉദ്ഘാടനം ചെയ്യുന്നു***

***2. കൊറോണയുമായി ബന്ധപ്പെട്ട് കൗൺസലിംഗ് പരിശീലനത്തിൽ ജില്ലാ മെഡിക്കൽ ഓഫീ സർ ഡോ. റീന കെ ജെ സംസാരിക്കുന്നു***

# കൊറോണ: മേത്തല പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രണ്ട് ഡോക്ടർമാരെ കൂടി നിയമിച്ചു

കൊറോണ വൈറസ് പരിശോധന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മേത്തല പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രണ്ട് ഡോക്ടർമാരെ കൂടി നിയമിച്ചതായി നഗരസഭാ ചെയർമാൻ കെ ആർ ജൈത്രൻ അറിയിച്ചു.

കൊടുങ്ങല്ലൂർ നഗരസഭയിലെ മേത്തല പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ആനാപ്പുഴ അർബൻ ഹെൽത്ത് സെന്ററിലും ഇ മുഖാവരണം, കൈയുറകൾ, സാനിറ്റൈസർ എന്നിവ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. മേത്തലയിൽ ജാഗ്രത സമിതികൾ രൂപീകരിക്കുകയും ആശാവർക്കർമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ആനാപ്പുഴയിൽ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ഉടനെ ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുമെന്നും ചെയർമാൻ അറിയിച്ചു.

# കേന്ദ്ര തെരഞ്ഞെടുപ്പ് കമീഷന്റെ പുതുക്കിയ സംക്ഷിപ്ത വോട്ടർപ്പട്ടിക ഏഴിന് പ്രസിദ്ധീകരിക്കും

കേന്ദ്ര തെരഞ്ഞെടുപ്പ് കമീഷന്റെ 2020 ജനുവരി ഒന്ന് യോഗ്യതാ തീയതിയായി നിശ്ചയിച്ചുകൊണ്ടുള്ള പുതുക്കിയ സംക്ഷിപ്ത വോട്ടർപ്പട്ടിക ഫെബ്രുവരി ഏഴിന് പ്രസിദ്ധീകരിക്കും. ഇത് പ്രകാരം ജില്ലയിൽ 2461833 വോട്ടർമാരാണുള്ളത്. 1278695 സ്ത്രീകളും 1183116 പുരുഷൻമാരും ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട 22 പേരുമാണ് പട്ടികയിലുള്ളത്. വിവിധ നിയമസഭാ മണ്ഡലാടിസ്ഥാനത്തിലുള്ള വോട്ടർമാരുടെ എണ്ണം ആകെ, സ്ത്രീ, പുരുഷൻ, ട്രാൻസ്ജെൻഡർ എന്ന ക്രമത്തിൽ ചുവടെ. ചേലക്കര: 189005-97528-91477-0. കുന്നംകുളം: 185349-95564-89784-1. ഗുരുവായൂർ: 198144-102827-95315-2. മണലൂർ: 208137-107976-100159-2. വടക്കാഞ്ചേരി: 202435-105397-97037-1. ഒല്ലൂർ: 193518-99195-94321-2. തൃശൂർ: 170802-89557-81243-2. നാട്ടിക: 198880-104318-94558-4. കയ്പമംഗലം: 162294-87083-75206-5. ഇരിങ്ങാലക്കുട: 189759-98945-90812-2. പുതുക്കാട്: 192857-98855-94002-0. ചാലക്കുടി: 187724-96432-91291-1. കൊടുങ്ങല്ലൂർ: 182929-95018-87911-0.

വോട്ടർപട്ടിക താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും പ്രസിദ്ധീകരിക്കും. വോട്ടർപട്ടികയുടെ പ്രത്യേക സംക്ഷിപ്ത പരിഷ്കരണ നടപടികൾ വിലയിരുത്തുന്നതിനായി കേന്ദ്ര തെരഞ്ഞെടുപ്പ് കമീഷന്റെ വോട്ടർപട്ടിക നിരീക്ഷകൻ പി. വേണുഗോപാലിന്റെ അധ്യക്ഷതയിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ ജില്ലാ കളക്ടറുടെ ചേംബറിൽ യോഗം ചേർന്നു. ജില്ലാ കളക്ടർ എസ്. ഷാനവാസ്, ഡി.സി.സി ജനറൽ സെക്രട്ടറിമാരായ കെ.വി. ദാസൻ, കെ.ബി. ജയരാജ്, കേരള കോൺഗ്രസ് മാണി ജില്ലാ പ്രസിഡൻറ് സി.വി. കുര്യാക്കോസ്, വെൽഫെയർ പാർട്ടി പ്രതിനിധികളായ പി.കെ. ഹംസ, ടി.എം. കുഞ്ഞിപ്പ, തഹസിൽദാർമാർ തുടങ്ങിയവർ സംബന്ധിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: വോട്ടർപട്ടിക നിരീക്ഷകൻ പി. വേണുഗോപാലിന്റെ അധ്യക്ഷതയിൽ ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം***

# അക്ഷയകേന്ദ്രങ്ങൾ മുഖേന മസ്റ്ററിംഗ് നടത്തണം

നാളിതുവരെ മസ്റ്ററിങ്ങ് ചെയ്തിട്ടില്ലാത്ത എല്ലാ കയർ തൊഴിലാളി പെൻഷൻകാരും കുടുബ പെൻഷൻകാരും ആധാർ കാർഡും, പെൻഷൻ രേഖകളും, ബാങ്ക് പാസ്സ് ബുക്കുമായി തങ്ങളുടെ സമീപത്തുള്ള അക്ഷയകേന്ദ്രങ്ങളിൽ ഫെബ്രുവരി 15 നകം നേരിട്ട് ഹാജരായി മസ്റ്ററിംഗ് നടത്തണം. മസ്റ്ററിങ്ങ് നടത്തുന്ന പെൻഷൻകാർക്ക് മാത്രമേ കയർ പെൻഷൻ അനുവദിക്കുകയുള്ളു. മസ്റ്ററിംഗിന് നടത്തുന്നതിന് പെൻഷൻകാർ അക്ഷയകേന്ദ്രങ്ങളിൽ ഫീസ് നൽകേണ്ടതില്ലെന്നും രസീതുകൾ കൈപ്പറ്റി സൂക്ഷിക്കേണ്ടതാണെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഫോൺ: 0477 2251577.

# ജില്ലാ വികസന സമിതി 29 ന്

ജില്ലാ വികസന സമിതി യോഗം ഫെബ്രുവരി 29 രാവിലെ 11 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

# തൊഴിലാളി ക്ഷേമനിധി അർദ്ധ വാർഷിക അംശദായ തുക വർദ്ധിപ്പിച്ചു

കേരള തൊഴിലാളി ക്ഷേമനിധി അർദ്ധ വാർഷിക അംശദായ തുക വർദ്ധിപ്പിച്ചു. നിലവിലെ അംശദായ തുക 12 രൂപയിൽ നിന്നും ഒരാൾക്ക് പ്രതിമാസം 7.50 രൂപ എന്ന നിരക്കിൽ 90 രൂപ അർദ്ധ വാർഷിക വിഹിതവും 180 രൂപ വാർഷിക വിഹിതവുമായാണ് ഉയർത്തിയത്.

## ദർഘാസ്

വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിലേക്ക് ന്യൂ ബോൺ സ്ക്രീനിംഗ് യൂണിറ്റിലേക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 20 രാവിലെ 11 മണി. ഫോൺ: 04884-235214.

## ചൊവ്വന്നൂർ പഞ്ചായത്തിൽ പച്ചക്കറി വിപണനത്തിന് കാർഷിക ഇക്കോഷോപ്പ്

കൃഷിയെ കൂടുതൽ ജനകീയമാക്കാനും കർഷകർക്ക് ജൈവ രീതിയിൽ ഉത്പാദിപ്പിക്കുന്ന കാർഷിക വിളകൾക്ക് വിപണി കണ്ടെത്താനും ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ കാർഷിക ഇക്കോഷോപ്പ് പ്രവർത്തനം ആരംഭിക്കും. പഞ്ചായത്തിലെ മുഴുവൻ കർഷകരെയും പങ്കെടുപ്പിച്ച് പഞ്ചായത്തിലെ പൊതു ഇടത്തിലാണ് കൃഷി വകുപ്പിന്റെയും ഗ്രാമ പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിലാണ് ഈ സംരംഭം. കർഷകർ വിളയിച്ചെടുക്കുന്ന സുരക്ഷിതമായ പച്ചക്കറികൾ പൊതുജനങ്ങളിലെത്തിക്കുന്നതിനായി കൃഷി വകുപ്പ് ആരംഭിച്ചതാണ് ഈ പദ്ധതി. ഇതിനായി പൊതുയോഗം ചേർന്ന് രജിസ്റ്റർ ചെയ്യുന്ന കാർഷിക സംഘത്തിന് രണ്ടു ലക്ഷം രൂപയാണ് കൃഷി ഡിപ്പാർട്ട്മെന്റ് ചൊവ്വന്നൂർ കൃഷിഭവൻ മുഖേന അനുവദിച്ചിട്ടുള്ളത്. പഞ്ചായത്തിലെ പാടശേഖരങ്ങളിലാണ് പ്രധാനമായും പച്ചക്കറി കൃഷിയിറക്കുക. രണ്ടാംവിള മുണ്ടകൻ നെൽകൃഷിയുടെ കൊയ്ത്ത് കഴിഞ്ഞാലുടൻ അവിടെയാണ് പച്ചക്കറി വിളയിക്കുക. കുമ്പളം, മത്തൻ, പാവയ്ക്ക, വെണ്ട, ചീര, വഴുതന, മുളക്, വെള്ളരി മുതലായ പച്ചക്കറികളാണ് കൃഷി ചെയ്യുന്നത്.

ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ കാർഷിക ഇക്കോഷോപ്പ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മേഖലയിലെ കർഷകരെ ഉൾക്കൊള്ളിച്ച് കഴിഞ്ഞ ദിവസം യോഗം ചേർന്നിരുന്നു. തുടർന്ന് ഇക്കോഷോപ്പിലേക്ക് പച്ചക്കറികൾ എത്തിക്കാൻ കർഷകരിൽ നിന്ന് രജിസ്ട്രേഷൻ ആരംഭിക്കും. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ദിവസേന വിളയിച്ചെടുത്ത പച്ചക്കറി വിളകൾ പഞ്ചായത്ത് നൽകുന്ന സ്ഥലത്ത് വിൽക്കാൻ സജ്ജമാക്കും. കൃഷി വകുപ്പ് നൽകുന്ന രണ്ടു ലക്ഷം രൂപയിൽ നിന്ന് ഒരു ലക്ഷം രൂപ പച്ചക്കറി നൽകുന്ന കർഷകർക്ക് വിലയായി നൽകുന്നതിനാണ് ഉപയോഗിക്കുക. ബാക്കിയുള്ള ഒരു ലക്ഷം രൂപ ഇക്കോഷോപ്പ് തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾക്കാണ് വിനിയോഗിക്കുക.

കാർഷിക ഇക്കോഷോപ്പ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കൃഷിഭവനിൽ കർഷക സംഘവും നിലവിൽ വന്നു. പച്ചക്കറി കർഷകരായ കെ എ വാസുദേവൻ, പി രാമകൃഷ്ണൻ, പി സി വിൽസൻ എന്നിവരാണ് നേതൃത്വം നൽകുന്നത്.

## പിഎംഎവൈ ലൈഫ് ഭവന പദ്ധതി: കൊടുങ്ങല്ലൂരിൽ ഉപന്യാസ മത്സരം

കൊടുങ്ങല്ലൂർ നഗരസഭ പിഎംഎവൈ ലൈഫ് ഭവന നിർമ്മാണപദ്ധതിയിൽ നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്കായി ഉപന്യാസ മത്സരം നടത്തി. നമ്മുടെ വീട് നമ്മുടെ സന്തോഷം എന്ന വിഷയത്തെ ആസ്പദമാക്കി നഗരസഭ കൗൺസിൽ ഹാളിൽ നടത്തിയ മത്സരത്തിൽ പണി പൂർത്തീകരിച്ച ഗുണഭോക്താക്കളാണ് പങ്കെടുത്തത്. നമ്മുടെ കുടുംബത്തെക്കുറിച്ച് ഒരു ആമുഖം, കുടുംബാംഗങ്ങൾ, ജീവിത സാഹചര്യം, ഉപജീവനം, നമുക്കുണ്ടായ നല്ലതും മോശവുമായ അനുഭവങ്ങൾ, പഴയ വീട്ടിൽ നിന്നും പുതിയ വീട് ലഭിക്കുന്നത് വരെയുള്ള അനുഭവങ്ങൾ, കൂട്ടായപ്രവർത്തനങ്ങൾ, ഭവനം ലഭിച്ചതുകൊണ്ട് ജീവിതത്തിൽ ഉണ്ടായ മാറ്റങ്ങൾ, സമൂഹത്തിൽ ഉണ്ടായ സ്ഥാനം, അഭിമാനം, സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണം, വൈകാരികമായ അനുഭവങ്ങൾ എന്നിവ വിശദീകരിച്ചുകൊണ്ടായിരുന്നു ഉപന്യാസ മത്സരം.

ഉപന്യാസ മത്സരത്തിൽ 44-ാം വാർഡിലെ അജിത രമേശ് തൈപ്പറമ്പത്ത് ഒന്നാം സ്ഥാനവും 10-ാം വാർഡിലെ സി.വി.നിഷ പണിക്കംപറമ്പിൽ രണ്ടാം സ്ഥാനവും നേടി. ഇവർക്ക് യഥാക്രമം 750 രൂപയും 500 രൂപയും ക്യാഷ് അവാർഡ് നൽകും. കൂടാതെ മൂന്ന് പേർ പ്രോത്സാഹന

സമ്മാനത്തിനും അർഹത നേടി. മത്സരത്തിൽ പങ്കെടുക്കാത്തവർക്ക് അവർ എഴുതിയ ഉപന്യാസങ്ങൾ നഗരസഭ ചെയർമാന്റെ പേരിൽ ഫെബ്രുവരി 25ന് മുൻപ് അയച്ചുകൊടുക്കുകയോ നേരിൽ നൽകുകയോ ചെയ്താൽ അവ പുസ്തകമാക്കി പ്രകാശനം ചെയ്യും. പിഎംഎവൈ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭയിൽ ഇതുവരെ 750 വീടുകളുടെ പണി പൂർത്തീകരിച്ചതായി നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ പറഞ്ഞു.

## കൊടുങ്ങല്ലൂരിൽ ദുരന്തനിവാരണ സേ

അടിക്കടി ഉണ്ടാകുന്ന ദുരന്തങ്ങളെ നേരിടുന്നതിനായി കൊടുങ്ങല്ലൂർ നഗരസഭയിൽ ദുരന്തനിവാരണ സേന രൂപീകരിച്ചു. ഓരോ വാർഡിൽ നിന്നും 20 പേരെ വീതം തിരഞ്ഞെടുത്താണ് സേന രൂപീകരിച്ചത്. ഇവർക്കായി പ്രത്യേക പരിശീലനവും നൽകി. അടിയന്തിര ഘട്ടങ്ങളിൽ സഹായങ്ങൾ എത്തിക്കൽ, മുന്നറിയിപ്പ് നൽകൽ, ദുരിതാശ്വാസകേന്ദ്രങ്ങളിലേക്ക് ആളുകളെ മാറ്റിപാർപ്പിക്കൽ, ദുരിതാശ്വാസ കേന്ദ്രങ്ങളുടെ പരിപാലനം എന്നിവ ഇനി മുതൽ ഈ സേനയുടെ കീഴിലാകും. വാർഷിക പദ്ധതിയിലും ഈ വർക്കിങ് ഗ്രൂപ്പാണ് പദ്ധതികൾ രൂപീകരിക്കുന്നത്. ദുരന്തനിവാരണ പദ്ധതികൾ രൂപീകരിക്കുന്നതിനായി പ്രത്യേക വാർഡുസഭകളും തുടർന്ന് നഗരസഭ തലത്തിൽ വികസന സെമിനാറും നടത്തും. ടൗൺ ഹാളിൽ നടന്ന പരിശീലനം നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ ഉദ്ഘാടനം ചെയ്തു. കൗൺസിലർ വി ജി ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. കൗൺസിലർമാരായ ഇ.സി.അശോകൻ, ഇന്ദിര പുരുഷോത്തമൻ, പാർവ്വതി സുകുമാരൻ കെ എം ബേബി എന്നിവർ പ്രസംഗിച്ചു.

## ജലോപയോഗം നിർത്തിവെയ്ക്കണം

തൃശ്ശൂർ കോൾനിലങ്ങളിൽ ജലവിതാനം ക്രമാതീതമായി താഴുന്നതിനെ തുടർന്ന് ചിമ്മിനി ഡാമിൽ നിന്നും ജലവിതാനം പുനരാരംഭിച്ചിട്ടുണ്ടെങ്കിലും കോൾ നിലങ്ങളിലെ ജലനിരപ്പിൽ കാര്യമായ വർദ്ധനവ് ഉണ്ടാകാത്തതിനാൽ അതിനാൽ ജലവിതാനം ഉയരുന്നതുവരെ പാടശേഖരങ്ങളിലേക്കുള്ള ജലത്തിന്റെ ഉപയോഗം അടിയന്തിരമായി നിർത്തിവെയ്ക്കണമെന്ന് ഇറിഗേഷൻ ഡിവിഷൻ ഇ. ഇ. അറിയിച്ചു.

## മസ്റ്ററിംഗ് 15 നകം ചെയ്യണം

ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് പെൻഷൻ വാങ്ങുന്നവർ നാളിതു വരെ പെൻഷൻ മസ്റ്ററിംഗ് ചെയ്യാത്തവർ ഫെബ്രുവരി 15 നകം അക്ഷയകേന്ദ്രത്തിൽ മസ്റ്ററിംഗ് നിർബന്ധമായും ചെയ്യണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഫോൺ: 0497 2706133.

## എൻ വൈ കെ
## ജില്ലാതല കായികമേള 8 ന്

നെഹ്റു യുവകേന്ദ്രയുടെ ആഭിമുഖത്തിൽ ജില്ലാതല യുവജന കായികമേള ഫെബ്രുവരി എട്ടിന് അരണാട്ടുകര നേതാജി ഗ്രൗണ്ടിൽ ജില്ലാ കളക്ടർ എസ് ഷാനവാസ് ഉദ്ഘാടനം ചെയ്യും. ഡെപ്യൂട്ടി മേയർ റാഫി ജോസ് അദ്ധ്യക്ഷത വഹിക്കും. സ്പോർട്സ് കൗൺസിൽ പ്രസിഡണ്ട് കെ ആർ സാംബശിവൻ സമ്മാനദാനം നിർവഹിക്കും. ബ്ലോക്ക് തലത്തിൽ ഫുട്ബോൾ, വോളിബോൾ, വടംവലി, അത്‌ലറ്റിക്സ് ഇനങ്ങളിൽ വിജയികളായ യുവജന ക്ലബുകളാണ് ജില്ലാ കായികമേള യിൽ പങ്കെടുക്കുക.

## മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനം

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ വടക്കാഞ്ചേരി ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ (മലയാളം മീഡിയം), ചേലക്കര ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ (ഇംഗ്ലീഷ് മീഡിയം) എന്നിവിടങ്ങളിൽ 2020-2021 അദ്ധ്യയന വർഷം അഞ്ച്, ആറ്, ഏഴ്, എട്ട് ക്ലാസ്സുകളിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. പൂരിപ്പിച്ച അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസ്,

കോർപ്പറേഷൻ/നഗരസഭ/ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകൾ, വടക്കാഞ്ചേരി, ചേലക്കര ഗവ. എംആർഎസ് ഫെബ്രുവരി 15 നകം എന്നിവയിൽ നൽകണം. പ്രവേശനം ആൺകുട്ടികൾക്ക് മാത്രമായിരിക്കും. പ്രവേശനം ലഭിക്കുന്നവർക്ക് താമസം, ഭക്ഷണം, പുസ്തകങ്ങൾ, യൂണിഫോം എന്നിവ സൗജന്യമാണ്. ഫോൺ: 0487 2360381.

# വ്യവസായ വകുപ്പിന്റെ യന്ത്ര പ്രദർശന മേള ഇന്ന് മുതൽ (ജനുവരി 7)

കേരള സർക്കാർ വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന യന്ത്ര പ്രദർശന മേളയ്ക്ക് തേക്കിൻകാട് മൈതാനി വിദ്യാർത്ഥി കോർണറിൽ ഇന്ന് (ജനുവരി 7) തുടക്കമാകും. വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുന്നതിന് സാരംഭങ്ങൾക്ക് ആവശ്യമായ യന്ത്ര സാമഗ്രികൾ ഒരു കുടക്കീഴിൽ അണി നിരത്തിക്കൊണ്ട് ഏഴുമുതൽ പത്തുവരെയാണ് മേള സംഘടിപ്പിക്കുന്നത്. കേരളത്തിന്റെ പരിസ്ഥിതിക്ക് അനുയോജ്യമായ ആധുനിക സാങ്കേതിക വിദ്യകളും യന്ത്രസാമഗ്രികളും മേള അനാവരണം ചെയ്യും. കാർഷികാധിഷ്ഠിതം, ഭക്ഷ്യ സംസ്കരണം, പാക്കേജിങ്, ജനറൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, മരാധിഷ്ഠിത വ്യവസായം, റബ്ബർ ആൻഡ് പ്ലാസ്റ്റിക്, ഫുട്വെയർ, പ്രിന്റിംഗ്, ഫാർമസ്യൂട്ടിക്കൽ, ആയുർവേദ ആൻഡ് ഹെർബൽ, അപ്പാരൽ, വേസ്റ്റ് മാനേജ്മെന്റ് തുടങ്ങി വിവിധ മേഖലകളിലെ സംരംഭങ്ങൾക്കിണങ്ങുന്ന കേരളത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള 132 യന്ത്ര ഉൽപ്പാദകരും, വിതരണക്കാരും മേളയിൽ പങ്കെടുക്കും. 40000 ചതുരശ്ര അടിയിൽ പൂർണമായും ശീതീകരിച്ച പവലിയനുകളാണ് മേളക്കായി ഒരുക്കിയിരിക്കുന്നത്. മേളയോട് അനുബന്ധിച്ചുനടക്കുന്ന സെമിനാറുകളിൽ സംരംഭകർക്കാവശ്യമായ ഏഴ് വിഷയങ്ങളുടെ അവതരണവും നടക്കും. ടി എൻ പ്രതാപൻ എം പി, കോർപറേഷൻ മേയർ ഇൻ ചാർജ് റാഫി പി ജോസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, ജില്ലാ കളക്ടർ എസ് ഷാനവാസ്, വാർഡ് കൗൺസിലർ എം എസ് സമ്പൂർണ, വ്യവസായ വാണിജ്യ ഡയറക്ടർ ബിജു കെ, എം എസ് എം ഇ ഡയറക്ടർ ഇൻ ചാർജ് പളനിവേൽ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഇൻ ചാർജ് സജി എസ് തുടങ്ങിയവർ പങ്കെടുക്കും.

# നവീകരിച്ച ജില്ലാ ഇൻഷുറൻസ് ഓഫീസ് ഉദ്ഘാടനം ചെയ്തു

നവീകരിച്ച ജില്ലാ ഇൻഷുറൻസ് ഓഫീസിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ എസ് ഷാനവാസ് നിർവ്വഹിച്ചു. 40 വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ജില്ലാ ഇൻഷുറൻസ് ഓഫീസ് കളക്ടറേറ്റിലെ താഴത്തെ നിലയിലാണ് പ്രവർത്തനം ആരംഭിച്ചത്. സംസ്ഥാന സർക്കാർ, എയ്ഡഡ് സ്കൂൾ, കോളേജ്, പൊതുമേഖല സ്ഥാപനങ്ങൾ, സർവകലാശാല, മുനിസിപ്പാലിറ്റി, കോർപറേഷൻ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവീസ് സഹകരണ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷേമത്തിനും, കുടുംബ ഭദ്രതക്കുമായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്ന പദ്ധതികളാണ് ഈ വകുപ്പ് വഴി നടപ്പാക്കി വരുന്നത്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിർബന്ധമാക്കിയ സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ്, ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി, ഗ്രൂപ്പ്, പേഴ്സണൽ അപകട ഇൻഷുറൻസ് പദ്ധതി എന്നിവ സംബന്ധമായ ഇൻഷുറൻസ് ഇടപാടുകൾ ഈ വകുപ്പ് നിർവ്വഹിക്കുന്നതാണ്. നവീകരിച്ച ഓഫീസിൽ പണമിടപാടുകൾ, ഡിസ്പാച്ച്, തപാൽ, ജനറൽ ഇൻഷുറൻസ്, ബിൽ പേയ്മെന്റ്, എസ് എൽ ഐ അംഗത്വം, ക്ലെയിം, വായ്പ, ജി ഐ എസ് ക്ലെയിം എന്നിവക്കെല്ലാം പ്രത്യേകം കൗണ്ടറുകൾ സജ്ജമാക്കിയിട്ടുണ്ട്. ഇൻഷുറൻസ് വകുപ്പ് ഡയറക്ടർ ജി രാജേന്ദ്രപിള്ള, ഡെപ്യൂട്ടി ഡയറക്ടർ ബുഷ്റ എസ് ദീപ, ജില്ലാ ഇൻഷുറൻസ് ഓഫീസർ തങ്കച്ചൻ വർഗീസ്, വിവിധ ജില്ലാ സീനിയർ സൂപ്രണ്ടുമാർ, ഡെവലെപ്മെന്റ് ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: നവീകരിച്ച ജില്ലാ ഇൻഷുറൻസ് ഓഫീസ് ജില്ലാ കളക്ടർ എസ് ഷാനവാസ് ഉദ്ഘാടനം ചെയ്യുന്നു.***

# ചൂണ്ടൽ ഗ്രാമ പഞ്ചായത്തിൽ ജീവനി പദ്ധതി

ചൂണ്ടൽ ഗ്രാമ പഞ്ചായത്തിൽ ജീവനി പദ്ധതി തുടങ്ങി. ഉദ്ഘാടനം ചൂണ്ടൽ പഞ്ചായത്ത് പ്രസിഡന്റ് കെ എസ് കരീം നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് രേഖ സുനിൽ അധ്യക്ഷത വഹിച്ചു. നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം എന്ന വിഷയത്തിൽ ചൂണ്ടൽ ആയുർവേദ ഡോക്ടർ എം പ്രീത കർഷകർക്ക് ക്ലാസെടുത്തു. കൃഷിയെ കൂടുതൽ ജനകീയമാക്കുന്നതിനും അതിനെ എങ്ങനെയെല്ലാം വിഷരഹിതമാക്കി വിളയിക്കാമെന്നും ക്ലാസിൽ അവബോധം നൽകി.

ചടങ്ങിൽ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയായ മഞ്ഞൾ കൃഷിയുടെ ഉദ്ഘാടനവും നടന്നു.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മുഹമ്മദ് ഷാഫി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സിനി, കൃഷി ഓഫീസർ സുമേഷ്, കുടുംബശ്രീ ചെയർപേഴ്സൺ സിനി, കർഷകമിത്ര അനീഷ്, കൃഷി അസിസ്റ്റന്റ് ജിതിൻ എന്നിവർ പങ്കെടുത്തു.

മാധ്യമ പ്രവർത്തകരായ സുധി മേക്കാട്ടിൽ, ജിജോ തരകൻ എന്നിവർ പച്ചക്കറി തൈകൾ ഏറ്റുവാങ്ങി.

## ക്വട്ടേഷൻ

പീച്ചി ഹെഡ് വർക്സ് സബ് ഡിവിഷനിലെ കാന്റീൻ 2020 ഫെബ്രുവരി 25 മുതൽ 2023 ഫെബ്രുവരി 24 വരെയുള്ള കാലായളവിൽ കാന്റീൻ നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 24 ഉച്ച ഒരു മണി. ഫോൺ: 0487 2698200.

## ലേലം

ജില്ലാ പോലീസിനു കീഴിലുള്ള ഉപയോഗയോഗ്യമല്ലാത്ത ഒൻപത് മോട്ടോർ ബൈക്കുകൾ ഫെബ്രുവരി 19 രാവിലെ 11 ന് തൃശൂർ രാമവർമ്മപുരം ജില്ലാ സായുധസേന ക്യാമ്പിൽ ലേലം ചെയ്യും. ഫോൺ: 0487 2361000.

## യോഗം 11 ന്

തൃശൂർ ജില്ലാ ചുമട്ടു തൊഴിലാളി കൂലിപ്പട്ടിക പുതുക്കിയത് തീർച്ചപ്പെടുത്തുന്ന യോഗം ഫെബ്രുവരി 11 ഉച്ചയ്ക്ക് 12 ന് നടക്കും. ട്രേഡ് യൂണിയൻ പ്രതിനിധികൾ, വ്യാപാരി വ്യവസായി പ്രതിനിധികൾ പങ്കെടുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു.